## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - മലപ്പുറം ജില്ലയിലെ വേങ്ങര മുൻ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ പി.സത്യനാഥനെതിരെയുള്ള നടപടി - പി.സത്യനാഥൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1155/18 നമ്പർ കേസിന്റെ 08.06.2018- ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.648/2019/ തസ്വഭവ, തിരുവനന്തപുരം,തീയതി: 18/03/2019**

---

പരാമർശം :- 1. ഗ്രാമവികസന കമ്മീഷണറുടെ 25.03.2014- ലെ 23450/ എസ്റ്റാ എ 4/08/ സി.ആർ.ഡി നമ്പർ നടപടിക്രമം.

2. 08.06.2017- ലെ സ.ഉ (സാധാ) നം.1904/2017/ തസ്വഭവ നമ്പർ ഉത്തരവ്.
3. 22.09.2017- ലെ ഇആർബി1/48/2016/ തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. 25.05.2018- ലെ സ.ഉ (സാധാ) നം.1442/2018/ തസ്വഭവ.
5. ഗ്രാമ വികസന കമ്മീഷണറുടെ 16.08.2018- ലെ 18250/ എസ്റ്റാ എ 4/14/ സി.ആർ.ഡി നമ്പർ കത്ത്.
6. ഒഎ(ഇ.കെ.എം) 1155/2018 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08.06.2018- ലെ അന്തിമ ഉത്തരവ്.
7. 22.10.2018- ലെ ഇ.ആർ.ബി1/48/2016/ തസ്വഭവ നമ്പർ നോട്ടീസ്.
8. ശ്രീ.പി.സത്യനാഥൻ സമർപ്പിച്ച 05.11.2018- ലെ മറുപടി.
9. 01.12.2018- ലെ ഇ.ആർ.ബി1/48/2016/ തസ്വഭവ നമ്പർ സർക്കാർ കത്ത്.
10. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 27.02.2019- ലെ എ 1-3/50040/2018- KPSC നമ്പർ കത്ത്.

### ഉത്തരവ്

മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ 2008-09 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി, ബ്ലോക്ക് ഓഫീസ് ഇൻഫർമേഷൻ സെന്ററിന്റെ ആവശ്യത്തിലേയ്ക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ടി ഓഫീസിൽ ബ്ലോക്ക്

പ്രോഗ്രാം ഓഫീസറായിരുന്ന ശ്രീ.പി. സത്യനാഥനെതിരെ ഗ്രാമവികസന കമ്മീഷണർ കെ.സി.എസ് (സിസി&എ) ചട്ടം, ചട്ടം15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും ടിയാന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടും/ തത്തുല്യമായ തുക ഈടാക്കിക്കൊണ്ടും സർക്കാരിന് സംഭവിച്ച നഷ്ടത്തിന്റെ പകുതി തുകയായ 1,74,814/- (ഒരു ലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറ്റി പതിനാല്) രൂപ 30.05.2008 മുതലുള്ള നിയമാനുസൃത പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (1) പ്രകാരം തീർപ്പാക്കി ഉത്തരവാകുകയും ചെയ്തു.

ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിനെതിരെ ശ്രീ.പി.സത്യനാഥൻ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും അതോടൊപ്പം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1928/2010 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. ടി കേസിന്റെ 15.12.2016-ലെ ഉത്തരവനുസരിച്ച് സർക്കാർ ശ്രീ.പി.സത്യനാഥനെ നേരിൽ കേട്ടു. കെ.സി.എസ് (സിസി&എ) ചട്ടം, ചട്ടം 15 പ്രകാരം കഠിന ശിക്ഷ നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമം പാലിച്ചല്ല ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഗ്രാമ വികസന കമ്മീഷണർ തീർപ്പാക്കിയിട്ടുള്ളത് എന്നതിനാൽ കെ.സി.എസ് (സിസി&എ) ചട്ടങ്ങളിൽ ചട്ടം 34 പ്രകാരം പരാമർശം (2) പ്രകാരം സർക്കാർ ഈ ഉത്തരവ് റദ്ദാക്കി.

ശ്രീ.പി.സത്യനാഥൻ 31.01.2015-ന് സർവ്വീസിൽ നിന്നും വിരമിച്ചു. ടിയാൻ സർവ്വീസിലിരിക്കെത്തന്നെ അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരം ടിയാന് സർക്കാരിൽ നിന്നും പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. തുടർന്ന് ടിയാനെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിനായി പരാമർശം (4) പ്രകാരം ഗ്രാമ വികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവ.കമ്മീഷണർ ശ്രീ.സി.പി.ജോസഫിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

ശ്രീ. സത്യനാഥൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് കോടതിയിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)1155/2018-ന്റെ പരാമർശം (6)-ലെ അന്തിമ ഉത്തരവിൽ, ടിയാൻ സമർപ്പിച്ച 01.05.2018-ലെ നിവേദനം (Annexure A5) സർക്കാർ പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായി.

കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ഗുണനിലവാരം തിരൂരങ്ങാടി പോളിടെക്നിക്കിലെ സാങ്കേതിക വിഭാഗം പരിശോധന നടത്തിയിട്ടുണ്ടെന്നും, ടി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഓഫീസിന്റെ പ്രവർത്തനങ്ങൾക്കാണ് വാങ്ങിയതെന്ന സദുദ്ദേശം കണക്കിലെടുത്തും, നടപടിക്രമം പാലിക്കാതെ വാങ്ങിയതാണെങ്കിലും കമ്പ്യൂട്ടർ 10 വർഷമായിട്ടും ഉപയോഗിക്കാൻ കഴിയുന്നു എന്നതിനാലും

സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും എന്നാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചത് സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ ലംഘനമാണെന്നും പ്രസ്തുത പ്രവൃത്തിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. തുടർന്ന് ശ്രീ.സത്യനാഥന്റെ പെൻഷനിൽ നിന്നും പ്രതിമാസം 1000/- രൂപ വീതം രണ്ട് വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (7) പ്രകാരം ടിയാന് നോട്ടീസ് നൽകി. നോട്ടീസിന് നൽകിയ പരാമർശം (8)-ലെ മറുപടിയിൽ ടിയാൻ തന്റെ കുടുംബ പരാധീനതകൾ ബോധിപ്പിച്ചു. തനിക്ക് 59 വയസ്സായെന്നും പ്രമേഹരോഗിയാണെന്നും തന്റെ പെൻഷൻ മാത്രമാണ് കുടുംബത്തിന്റെ വരുമാനമെന്നും തനിക്ക് അവിവാഹിതകളായ 3 പെൺമക്കളാണുള്ളതെന്നും, രണ്ട് പേർ വിദ്യാർത്ഥിനികളാണെന്നും തന്റെ 31 വർഷത്തെ സേവനവും കുടുംബപരാധീനതകളും പരിഗണിച്ച് ശിക്ഷ ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

ശ്രീ.പി.സത്യനാഥൻ നടപടിക്രമം പാലിക്കാതെയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയതെങ്കിലും ഗുണനിലവാരം കണക്കിലെടുത്തും, 10 വർഷം കഴിഞ്ഞിട്ടും അവ ഉപയോഗിയ്ക്കാൻ കഴിയുന്നു എന്നതിനാലും, ടിയാന്റെ കുടുംബപരാധീനതകൾ കണക്കിലെടുത്തുകൊണ്ടും മാനുഷിക പരിഗണന നൽകി ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 500/- രൂപ വീതം രണ്ടു വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (9) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞു. ശ്രീ.സത്യനാഥൻ ചെയ്ത കുറ്റത്തിന്റെ ഗൗരവം കണക്കിലെടുക്കുമ്പോൾ ടിയാന്റെ പെൻഷനിൽ നിന്നും 500/ - രൂപ വീതം രണ്ട് വർഷത്തേക്ക് മാത്രം കുറവ് ചെയ്യുവാനുള്ള സർക്കാർ തീരുമാനം ആനുപാതികമല്ലെന്നും, ടിയാന് നൽകിയ നോട്ടീസിൽ പ്രതിപാദിച്ച പ്രകാരം പ്രതിമാസം 1000/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്ന ശിക്ഷയാണ് ഉചിതമെന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (10) പ്രകാരം ഉപദേശം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ 2008-09-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് ഓഫീസ് ഇൻഫർമേഷൻ സെന്ററിന്റെ ആവശ്യത്തിലേയ്ക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ.പി. സത്യനാഥനെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടി, ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 1000/- രൂപ വീതം രണ്ട് വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട്, തീർപ്പാക്കി ഉത്തരവാകുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1155/ 2018 (ഇ.കെ.എം.) നമ്പർ കേസിലെ 08.06.2018-ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ.എം**
**അണ്ടർ സെക്രട്ടറി**

1) ശ്രീ.പി.സത്യനാഥൻ, സരോവരം, പെരിങ്ങോട് (പി.ഒ), പാലക്കാട് - 678 531
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കറ്റ് ജനറൽ, കേരള, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ